# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 15.10.2025 മുതൽ 19.10.2025 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എസ്.ഡി - 82/2025 | തീയ്യതി: 14/10/2025 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ


| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 23.6 | 28.0 – 31.0 | 23.8 – 25.2 | 74– 98 | 00 – 01 |


### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 15-10-2025 | 16-10-2025 | 17-10-2025 | 18-10-2025 | 19-10-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.4 | 2 | 1 | 3 | 1 |
| കൂടിയതാപനില, °C | 35 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 250 | 250 | 250 | 200 |
| മേഘവിന്യാസം, ഒക്ടാ | 7 | 7 | 8 | 7 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

<table>
<tr><th>വിള</th><th>ഘട്ടം</th><th>പ്രശ്നങ്ങൾ</th><th>കാർഷികനിർദ്ദേശങ്ങൾ</th></tr>
<tr><td rowspan="2">പൊതുനിർദ്ദേശങ്ങൾ</td><td colspan="3">ശക്തികുറഞ്ഞ മഴ **</td></tr>
<tr><td colspan="3">ഉയർന്ന അന്തരീക്ഷ ആർദ്രതയും ഊഷ്മാവും അനുഭവപ്പെടും. ആകാശം പൊതുവേ ഭാഗികമായും ചിലയിടങ്ങളിൽ പൂർണ്ണമായും മേഘാവൃതമായിരിക്കും</td></tr>
<tr><td>അപായ സൂചന</td><td colspan="3">ഒക്ടോബർ 15 മുതൽ 18 വരെ ശക്തികുറഞ്ഞ മഴയ്ക്ക് സാധ്യത.</td></tr>
<tr><td>ആഘാതം</td><td colspan="3">തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂഷൽ പിടിക്കുക മുതലായവ<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും.</td></tr>
<tr><td>പൊതുനിർദ്ദേശങ്ങൾ</td><td colspan="3">വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.</td></tr>
</table>

| | | | |
|---|---|---|---|
| | കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്.<br><br>മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക . | | |
| നെല്ല് | രണ്ടാം വിള പറിച്ചു നടുന്ന ഘട്ടം | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി)20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ(ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.<br><br>മഴയില്ലാത്ത നേരത്തു വെള്ളം താഴ്ത്തി, പാടവരമ്പിലെ ജല നിർഗമന നാളികൾ അടച്ചതിനു ശേഷം, വളം ചെയ്യുക.<br><br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം ചേർത്ത് കൊടുക്കണം. | |
| ശീത കാല പച്ചക്കറികൾ | നിലമൊരുക്കൽ | നിലം നന്നായി ഉഴുതെടുക്കുക. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. ഇത് മണ്ണിലെ അമ്ലത്വം ലഘൂകരിക്കുന്നതിനു പുറമെ മണ്ണ് ജന്യ രോഗങ്ങളെയും കീടങ്ങളെയും നിയന്ത്രിക്കുന്നതിന് സഹായകരമാകും. | |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി<br> | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| വാഴ | വിവിധ ഘട്ടം<br><br>(നേന്ത്രൻ വാഴ) | പിറ്റിങ്ങ് രോഗം<br> | പ്രായപൂർത്തിയാകാത്ത കുലകളിൽ മാത്രം മാങ്കോസെബ് (@2 ഗ്രാം/ലിറ്റർ) തളിക്കുക. .<br><br>കുലകളിൽ ചെറു സുഷിരങ്ങളുള്ള പോളി എഥിലീൻ ഷീറ്റുകൾ കൊണ്ട് മൂടുക. പക്ഷികളുടെ ആക്രമണത്തിൽ നിന്ന് കുലകളെ സംരക്ഷിക്കാനും ഇത് സഹായിക്കും. |

| | | | |
|---|---|---|---|
| ഇഞ്ചി, | വിവിധ ഘട്ടം | ഇല വാട്ടം  | കാര്‍ബെണ്ടാസിം (2 ഗ്രാം ഒരുലിറ്റര്‍ വെള്ളത്തില്‍) തളിക്കുക. |
| കോഴി | വിവിധ ഘട്ടം | ന്യൂകാസില്‍ രോഗം  | ന്യൂകാസില്‍ രോഗം അല്ലെങ്കില്‍ റാണിഖേത് രോഗം ഒരു പാരാ-മൈക്സോ വൈറസ് മൂലമുണ്ടാകുന്ന പക്ഷികളില്‍ മാത്രം കണ്ടുവരുന്ന പകര്‍ച്ചവ്യാധിയാണ്. ഈ അണുബാധയുടെ ഫലമായി ശ്വാസംമുട്ടലും ചുമയും, ചിറകുകള്‍ തൂങ്ങിക്കിടക്കുന്നതും, കാലുകള്‍ വലിച്ചുനടക്കുന്നതും, തലയും കഴുത്തും വളച്ചൊടിക്കുക, വട്ടത്തില്‍ നടക്കുക, വിശപ്പില്ലായ്മ, പൂര്‍ണ്ണമായ തളര്‍വാതം.<br>**പ്രതിരോധം**: പക്ഷികള്‍ക്കും കോഴിക്കൂടുകള്‍ക്കും പൂര്‍ണ്ണമായ ശുചിത്വം ഉറപ്പാക്കുക. ഇന്‍ട്രാനാസലിയോ ഇന്‍ട്രാക്യുലര്‍ ആയോ കുടിവെള്ളത്തില്‍ നല്‍കുന്ന ലൈവ് ബി1, ലാ സോട്ട എന്നിവയുടെ പ്രതിരോധ കുത്തിവയ്പ്പുകള്‍ നല്‍കുക. |

| | | | |
|---|---|---|---|
| **താക്കീത് (ഉടന്‍നടപടിയെടുക്കുക)** | **ജാഗ്രത (തയ്യാറാവുക)** | **ശ്രദ്ധ (കാതോര്‍ക്കുക)** | **നിസ്സാരം (നടപടികള്‍ആവശ്യമില്ല)** |

**മഴ അപായ വര്‍ണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

ഒപ്പ്/-
നോഡല്‍ ഓഫീസര്‍
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി